# Telephone Conversation between PM and the President of United States of America

April 04, 2020

---

## പ്രധാനമന്ത്രിയും അമേരിക്കൻ പ്രസിഡന്റും തമ്മിൽ നടത്തിയ ടെലിഫോൺ സംഭാഷണം

ഏപ്രിൽ 04, 2020

പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. തുടർന്നുകൊണ്ടിരിക്കുന്ന കോവിഡ്-19 പകർച്ചവ്യാധിയെയും ആഗോളക്ഷേമത്തിലും സമ്പദ്ഘടനയിലും ഇത് മൂലമുണ്ടാവുന്ന പ്രത്യാഘാതങ്ങളെയും കുറിച്ച് രണ്ടു നേതാക്കളും ചർച്ച ചെയ്തു.

രോഗവ്യാപനത്തിൽ അമേരിക്കയിൽ സംഭവിച്ച ജീവഹാനിയിൽ പ്രധാനമന്ത്രി അനുശോചനങ്ങൾ അറിയിച്ചു കൂടാതെ രോഗത്തിൽ നിന്നും വേഗത്തിൽ മുക്തി നേടുന്നതിനായി പ്രാർത്ഥിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രത്യേക ബന്ധം ചൂണ്ടിക്കാണിക്കുകയും, ഈ ആഗോള പ്രതിസന്ധി മറികടക്കുന്നതിന്USA യ്ക്കൊപ്പം ഇന്ത്യ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നു അദ്ദേഹം ആവർത്തിക്കുകയും ചെയ്തു.
ഇന്ത്യ -യു എസ് പങ്കാളിത്തം പൂർണമായ ശക്തിയിൽ നടപ്പിലാക്കി കോവിഡ്-19 നെ പൂർണമായും കാര്യക്ഷമമായും എതിരിടാൻ ഇരു നേതാക്കളും തീരുമാനിച്ചു.

പകർച്ചവ്യാധി മൂലമുള്ള ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ തടയുന്നതിന് ഒരു രാജ്യവും സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള കുറിപ്പുകൾ പ്രധാനമന്ത്രിയും യു എസ് പ്രസിഡന്റും തമ്മിൽ കൈമാറി.

ഇത്തരം ബുദ്ധിമുട്ട് സമയങ്ങളിൽ മാനസികവും ശാരീരികവുമായ ക്ഷേമത്തിന് യോഗ , ആയുർവ്വേദം (പരമ്പരാഗത ഇന്ത്യൻ സസ്യ ഔഷധ ചികിസ രീതി) എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളുടെ പ്രധാന്യവും ഇരു നേതാക്കളും തമ്മിൽ ചർച്ച ചെയ്തു .

കോവിഡ്-19 ആഗോള പ്രതിസന്ധിയുവുമായി ബന്ധപ്പെട്ട തങ്ങളുടെ ഔദ്യോഗിക വൃത്തങ്ങൾ പരസ്പരം സമ്പർക്കം പുലർത്തുമെന്നും അവർ സമ്മതിച്ചു.

**ന്യൂ ഡൽഹി**
**04 ഏപ്രിൽ , 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.